File No. RR6

INS2 2714/2020

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
വഞ്ചിയൂർ, തിരുവനന്തപുരം,
regig@kerala.nic.in
www.keralaregistration.gov.in
ഫോൺ : 0471-2472118/2472110/2474782
ഫാക്സ് : 0471-2462608
തീയതി : 28/09/2020

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, GR/4452/2020
തിരുവനന്തപുരം.

ജില്ലാ രജിസ്ട്രാർ(ജനറൽ),
കൊല്ലം.

സർ,

വിഷയം:- രജിസ്ട്രേഷൻ വകുപ്പ്-ആർ.ആർ.സെക്ഷൻ-പ്രത്യേക വിവാഹ രജിസ്ട്രേഷൻ-സ്പഷ്ടീകരണം നൽകുന്നത്-സംബന്ധിച്ച്.

സൂചന :- താങ്കളുടെ 04-09-2020 തീയതിയിലെ ഐ.എൻ.എസ്2-2464/20 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പൂയപ്പള്ളി സബ് രജിസ്ട്രാർ ആഫീസിൽ പ്രത്യേക വിവാഹ രജിസ്ട്രേഷനായി സമർപ്പിച്ച നോട്ടീസിൽ വരന്റെ വൈവാഹിക നില Divorcee എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും, ആയത് തെളിയിക്കുന്നതിനായി ടിയാൻ ഹാജരാക്കിയിട്ടുള്ള സ്വയം തയ്യാറാക്കിയ നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം, വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള ആധികാരിക രേഖയായി സ്വീകരിക്കാമോ എന്ന വിഷയത്തിൽ സ്പഷ്ടീകരണത്തിനായി പൂയപ്പള്ളി സബ് രജിസ്ട്രാർ സമർപ്പിച്ച അപേക്ഷയാണ് സൂചന പ്രകാരം സമർപ്പിച്ചിട്ടുള്ളത്.

1954-ലെ സ്പെഷ്യൽ മാരേജ് ആക്ടിലെ സെക്ഷൻ 4 (a) പ്രകാരം വിവാഹിതരാകുന്ന കക്ഷികളിൽ വരന് ഭാര്യയോ, വധുവിന് ഭർത്താവോ ജീവിച്ചിരിപ്പുണ്ടാകരുത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. Marian Eva Vs State of H.P(A.I.R.1993 H.P 7) എന്ന കേസ്സ് ലോയിൽ A decree of divorce from a competent Court is sufficient to accept factum of divorce. എന്ന് വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നോട്ടീസിൽ വരൻ Divorcee എന്ന് വ്യക്തമാക്കിയിട്ടുള്ളത് തെളിയിക്കുന്നതിനായി ഹാജരാക്കിയിട്ടുള്ള സ്വയം തയ്യാറാക്കിയ നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം നിയമപരമായി നിലനിൽക്കുന്നതല്ലാത്തതാണെന്നു കാണുന്നു. ആയതിനാൽ വിവാഹ ഉദ്യോഗസ്ഥന് ടി അപേക്ഷയുമായി ബന്ധപ്പെട്ട് നിയമപരമായിട്ടുള്ള തെളിവ് ആവശ്യപ്പെടാവുന്നതാണെന്നുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

P. K. SAJANKUMAR
JOINT INSPECTOR GENERAL
രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനുവേണ്ടി